പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

16-05-2017 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ. 3925

## പാറശ്ശാല മോഡൽ ആഗ്രോസർവ്വീസ് സെന്ററിലെ തൊഴിലാളികൾക്ക് ഓണറേറിയം

| ചോദ്യം<br>ശ്രീ.കെ. ആൻസലൻ | | മറുപടി<br>ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ ചെങ്കൽ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പാറശ്ശാല, മോഡൽ ആഗ്രോസർവ്വീസ് സെന്ററിലെ 25 തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരുന്ന ഓണറേറിയം 2016 ഏപ്രിൽ മുതൽ ലഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;<br><br>ബി) അഗ്രോസർവ്വീസ് സെന്ററിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് മേൽപ്പറഞ്ഞ ഓണറേറിയം നൽകി സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കാമോ; | (എ) യും (ബി) യും | 2012-13 ൽ ആരംഭിച്ച അഗ്രോസർവ്വീസ് സെന്റർ പദ്ധതിയിലെ മോഡൽ അഗ്രോസർവ്വീസ് സെന്റർ ആണ് പാറശ്ശാലയിൽ സ്ഥാപിച്ചിട്ടുള്ളത്. അഗ്രോസർവ്വീസ് സെന്റർ തുടങ്ങുന്ന ആദ്യ വർഷം സെന്ററിലെ ഫെസിലിറ്റേറ്റർ, തൊഴിലാളികൾ എന്നിവർക്ക് സ്റ്റൈപൻഡ് നൽകിയിരുന്നു. രണ്ടാം വർഷം മുതൽ സെന്ററിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ വാഹനം, ബയോഫാർമസി, നഴ്സറി തുടങ്ങിയ സംരംഭങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. സെന്ററിന്റെ പ്രവർത്തനം നടത്തുന്നതിനാവശ്യമായ പരിശീലനവും, സാങ്കേതിക സഹായവും വകുപ്പിൽ നിന്നും നൽകിവരുന്നു.<br><br>രണ്ടാമത്തെ വർഷം മുതലുള്ള സ്റ്റൈപൻഡ് അഗ്രോസർവ്വീസ് സെന്ററിന്റെ വരുമാനത്തിൽ നിന്നും കണ്ടെത്തണമെന്നാണ് നിർദ്ദേശിച്ചിരുന്നത്. എന്നിരുന്നാലും പാറശ്ശാല അഗ്രോസർവ്വീസ് സെന്ററിന് 2015-16 വരെ സ്റ്റൈപൻഡ് നൽകിയിട്ടുണ്ട്. പാറശ്ശാല അഗ്രോസർവ്വീസ് സെന്ററിന്റെ ഇപ്പോഴത്തെ ടേൺ ഓവറായ 2 കോടി രൂപയിൽ നിന്നും സെന്ററിലെ ഫെസിലിറ്റേറ്റർ, തൊഴിലാളികൾ എന്നിവർക്കുള്ള ഓണറേറിയം നൽകാൻ പ്രാപ്തമായിട്ടുണ്ട്. |

| | | |
|---|---|---|
| | | തൊഴിലാളികളുടെ ഓണറേറിയം (വേതനം), മറ്റാനുകൂല്യങ്ങൾ, എന്നിവ അഗ്രോ സർവ്വീസ് സെന്ററിന്റെ വരുമാനത്തിൽ നിന്നും നൽകുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. |
| (സി) ഇവിടത്തെ ഫെസിലിറ്റേറ്റർ മാർക്കും തൊഴിലാളികൾക്കും നൽകി കൊണ്ടിരുന്ന ഓണറേറിയം നിർത്തലാക്കിയത് പുന:സ്ഥാപിക്കാൻ കഴിയുമോ യെന്ന് വ്യക്തമാക്കുമോ? | (സി) | അഗ്രോസർവ്വീസ് സെന്ററുകൾ ആരംഭിച്ചതു മുതൽ 1 വർഷത്തേക്ക് മാത്രമാണ് ഫെസിലിറ്റേറ്ററുടെ ശമ്പളം, പദ്ധതി തുകയിൽ നിന്നും നൽകുവാൻ വ്യവസ്ഥ ചെയ്തിരുന്നത്. തുടർന്ന് ഫെസിലിറ്റേറ്റർ, മണ്ണ് പരിശോധനാ ലാബിലെ ജീവനക്കാർ, തൊഴിലാളികൾ എന്നിവരുടെ ശമ്പളം, മറ്റാനുകൂല്യങ്ങൾ എന്നിവ അഗ്രോസർവ്വീസ് സെന്ററിന്റെ വരുമാനത്തിൽ നിന്നും നൽകുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. |

Sakthi

സെക്ഷൻ ഓഫീസർ